LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും ആഗോള താപനത്തെയും, കാലാവസ്ഥാ വ്യതിയാനത്തെയും ചെറുക്കുന്നതിനും വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും 'ഹരിതകേരളം', 'എന്റെ മരം', 'വഴിയോര തണൽ', 'ഹരിത തീരം' എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

അതീവ ജൈവവൈവിധ്യ പ്രാധാന്യമുള്ള വനമേഖലകളെ ദേശീയോദ്യാനമായും വന്യജീവി സങ്കേതങ്ങളായും കടുവാ സങ്കേതങ്ങളായും അംഗീകൃത മാനേജ്മെന്റ് പ്ലാനുകൾ പ്രകാരം സംരക്ഷിച്ച് പരിപാലിച്ചുവരുന്നു.

കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതുവഴി വനമേഖലയ്ക്ക് പുറത്തുള്ള വനവൽക്കരണവും പരിസ്ഥിതി സന്തുലിത പ്രവർത്തനങ്ങളും ബയോഡൈവേഴ്സിറ്റി സെൽ നടപ്പിലാക്കുന്നു.

കാലാവസ്ഥാ വ്യതിയാനം

258 (2002) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം പഠിക്കാൻ എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കാലാവസ്ഥാ വ്യതിയാനം എന്ന വിഷയത്തിൽ സമഗ്ര പഠനത്തിനായി 21-2-2014-ലെ GO (Ms) No. 03/2014/Envt. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോട്ടയം ആസ്ഥാനമാക്കി കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്.

(ബി) കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റി സമഗ്ര പഠനവും ഗവേഷണവും, സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനംമൂലം പരിസ്ഥിതിയിൽ ഉണ്ടാവുന്ന മാറ്റങ്ങളും ഭക്ഷ്യസുരക്ഷയിലും ഉൽപ്പാദന മേഖലകളിലും തീരദേശ മേഖലയിലുള്ള പാരിസ്ഥിതിക ആഘാതത്തെപ്പറ്റിയും പഠന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുക എന്നതാണ് മുഖ്യ പ്രവർത്തനലക്ഷ്യം. കേന്ദ്രഗവൺമെന്റിൽനിന്നും മറ്റ് ദേശീയ, അന്തർദേശീയ സ്ഥാപനങ്ങളിൽനിന്നും ലക്ഷ്യസാക്ഷാത്ക്കാരത്തിന് ഉതകുന്ന പദ്ധതികൾ സമർപ്പിച്ച് പ്രോജക്ട് ഫണ്ടുകൾ വാങ്ങി നടപ്പിലാക്കുക, ദേശീയ-അന്തർദേശീയ സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുക എന്നതും ഈ സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യമാണ്.

(സി) നിലവിൽ കോട്ടയം ജില്ലയിലെ കഞ്ഞിക്കുഴിയിലുള്ള വാടക കെട്ടിടത്തിലാണ് സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും ഓഫീസും കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രത്തിന്റെ പദ്ധതികൾക്കായി സർക്കാർ നടപ്പുവർഷം ഒരുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും ദുരന്ത ലഘൂകരണത്തെക്കുറിച്ചും എല്ലാ പഞ്ചായത്തുകളിലും ക്ലാസ്സുകൾ നടത്തിവരികയാണ്. കൂടാതെ കേരളത്തിന്റെ ഉയർന്ന പ്രദേശങ്ങളിലെ കാലാവസ്ഥാ വ്യതിയാന അനുഭവങ്ങൾ വഴി മണ്ണിലുണ്ടായ വ്യത്യാസങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ ആരംഭിക്കുകയും നിരവധി ബോധവൽക്കരണ ക്ലാസ്സുകൾ സ്കൂൾ തലത്തിലും കോളേജ് തലത്തിലും നടത്തി വരികയും ചെയ്യുന്നു. കാലാവസ്ഥാ വ്യതിയാനവും പകർച്ചവ്യാധിയും എന്ന വിഷയത്തിൽ ഗവേഷണ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു സാമ്പിൾ പഠന പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്ക് ആവശ്യമായ ഗവേഷകരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി

259 (2003) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി പ്രകാരം 2014, 2015 വർഷങ്ങളിലെ പരിസ്ഥിതി ദിനങ്ങളിൽ വൃക്ഷത്തൈകൾ വിതരണം നടത്തിയിരുന്നോ;

(ബി) എങ്കിൽ അവ പരിപാലിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly